**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 503** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>സർക്കാർ ജീവനക്കാരായ ദമ്പതികൾക്കുള്ള മെഡിസെപ്പ് അംഗത്വം</u>**

| **<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** | **<u>മറുപടി നൽകിയ മന്ത്രി</u>** |
|---|---|
| ശ്രീ. പി. പി. ചിത്തരഞ്ജൻ | ശ്രീ. വി. ഡി. സതീശൻ |
| ശ്രീ. പി. പി. ചിത്തരഞ്ജൻ | (മുഖ്യമന്ത്രി) |

**(എ)** മെഡിസെപ്പ് പദ്ധതിയിൽ ഒരു കുടുംബത്തിലെ സർക്കാർ ജീവനക്കാർ ആയിട്ടുള്ള ദമ്പതികൾക്ക് പ്രത്യേകം മെഡിസെപ്പ് അംഗത്വം ഉള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ;

**<u>മറുപടി:</u> കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ , എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള ജീവനക്കാർക്ക് മെഡിസെപ്പിലെ അംഗത്വം നിർബന്ധിതമാണ്.**

**മെഡിസെപ് പദ്ധതിയിൽ ഒരു കുടുംബത്തിലെ സർക്കാർ ജീവനക്കാർ ആയിട്ടുള്ള ദമ്പതികൾക്ക് പ്രത്യേകം മെഡിസെപ് അംഗത്വമാണ് ഉള്ളത്. ഇത്തരത്തിൽ ദമ്പതികൾ രണ്ട് പേരും പദ്ധതിയിൽ അംഗമാകുമ്പോൾ ഓരോരുത്തർക്കും 5 ലക്ഷം രൂപയുടെ വീതം മെഡിസെപ് പരിരക്ഷ ലഭ്യമാകുന്നു. രണ്ട് പേർക്കും അവരവരുടെ മാതാപിതാക്കളെ ആശ്രിതരായി പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിക്കുന്നതാണ്.**

**(ബി)** സർക്കാർ ജീവനക്കാരായ ദമ്പതികൾക്ക് എൽ.റ്റി.സി. ആനുകൂല്യം പ്രത്യേകമായി ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവയുടെ കാരണം വിശദമാക്കാമോ?

**<u>മറുപടി:</u>** 02/01/2013 തീയതിയിലെ സ.ഉ.(പി) നം.5/2013/ധന ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും അവധിയാത്രാ ആനുകൂല്യം അനുവദിക്കുന്നത് സംബന്ധിച്ച് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിലെ ഖണ്ഡിക 12 -ൽ *"Provision applicable when both husband and wife are employed"* സംബന്ധിച്ച് വ്യക്തമാക്കിയിട്ടുണ്ട്. അതനുസരിച്ച്,

(a). സർക്കാർ ജീവനക്കാരന്റെ ഭാര്യയോ/ഭർത്താവോ (spouse) ജോലി ചെയ്യുകയാണെങ്കിൽ, LTC ക്ലെയിം സമർപ്പിക്കുന്ന സമയത്ത്, 02/01/2013 തീയതിയിലെ സ.ഉ(പി) നം.5/2013/ധന ഉത്തരവിലെ അനുബന്ധം  -ൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം ഒരു സർട്ടിഫിക്കറ്റ് സംസ്ഥാന സർക്കാർ ജീവനക്കാരൻ സമർപ്പിക്കണം.

(b) ഭർത്താവും ഭാര്യയും രണ്ടുപേരും സംസ്ഥാന സർക്കാർ സർവീസിൽ ജോലി ചെയ്യുന്നവരാണെങ്കിൽ, LTC ക്ലെയിം ഇവരിൽ ഒരാൾ മാത്രം സമർപ്പിക്കേണ്ടതാണ്.

(c) ഭാര്യയുടെയോ/ ഭർത്താവിന്റെയോ കുടുംബാംഗം എന്ന നിലയിൽ LTC ഉപയോഗപ്പെടുത്തുന്ന ഭർത്താവിനു/ഭാര്യയ്ക്ക് പ്രത്യേകം LTC ക്ലെയിം ചെയ്യാൻ അർഹത ഉണ്ടായിരിക്കില്ല. ”

**സെക്ഷൻ ഓഫീസർ**